ഡോക്യുമെന്ററി സംവിധായകനും ജനകീയ സമര പ്രവർത്തകനുമായ
കെ.പി. ശശിയുടെ പംക്തി ആരംഭിക്കുന്നു



മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ വ്യതിയാനം സ്വീകരണമുറിയിലെ ഒരു സംസാരവിഷയമല്ല. തീരങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും വസിക്കുന്ന മനുഷ്യരുടെ ജീവിതത്തേയും ജീവനോപാധിയെയും ഭീഷണിയിലാക്കി സമുദ്രനിരപ്പ് ഉയർന്നുകൊണ്ടിരിക്കുകയാണ്. അവർ തന്നെയാകും കലാവസ്ഥ വ്യതിയാനത്തിന്റെ ആദ്യത്തെ ഇരകൾ. ആയിരക്കണക്കിനാളുകളുടെ ജീവിതം വഴിമുട്ടുമെന്നറിഞ്ഞിട്ടും തീരങ്ങളിലേക്ക് ഇന്നു തിരിഞ്ഞുനോട്ടങ്ങളില്ല.

# കടലോരജീവിതം കടലെടുക്കുമ്പോൾ

ഡോക്യുമെന്ററി പ്രദർശിപ്പിച്ചുകൊണ്ട് പത്തുവർഷങ്ങൾക്ക് മുമ്പ് സുഹൃത്ത് ശരത്ചന്ദ്രനോടൊത്ത് അലഞ്ഞുനടന്ന വടക്കൻ കടലോരഗ്രാമങ്ങളും തീരദേശ റോഡും ഇന്നില്ല. തിരുവനന്തപുരം വേളികടൽത്തീരത്ത് അന്ന് ഞങ്ങൾ കണ്ട വീടുകളിൽ അവശേഷിക്കുന്നത് വിരലിലെണ്ണാവുന്നവ മാത്രം. കടലെടുത്തുപോയ പുരകളുടെ അവശിഷ്ടങ്ങൾ അവിടെയെല്ലാം കാണാം. കഴിഞ്ഞ മഴക്കാലത്ത് ആലപ്പുഴയിലെ തൃക്കുന്നപ്പുഴയിൽ കടൽ വിഴുങ്ങിയ വീടുകൾ ഒരുഡസനിലധികം വരും. അഞ്ചുതെങ്ങിലും കന്യാകുമാരിയിലെ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലും കടൽ അവശേഷിപ്പിച്ച ദുരന്തചിഹ്നങ്ങൾ ഇതിലും ഭീതിജനകമാണ്. ഒറീസയുടെയും പോണ്ടിച്ചേരിയുടെയും പശ്ചിമബംഗാളിലെയും തീരഗ്രാമങ്ങളിലെ കഥയും വ്യത്യസ്തമല്ല. സമുദ്രനിരപ്പിൽ നിന്ന് താഴ്ന്നുകിടക്കുന്ന കുട്ടനാട് എപ്പോൾ വേണമെങ്കിലും കടലെടുത്തുപോകാവുന്ന അവസ്ഥയിലാണ്. ബലിവാരയിലും ബംഗാൾ ഉൾക്കടലിലെ മറ്റു ചെറുദ്വീപഗ്രാമങ്ങളിലും വസിക്കുന്ന എണ്ണായിരത്തിലധികം മനുഷ്യരെ സംബന്ധിച്ചിടത്തോളം കാലാവസ്ഥാവ്യതിയാനം വെറുമൊരു അക്കാദമിക വാചകക്കസർത്തല്ല. ഉയരുന്ന സമുദ്രനില ഇതിനകം തന്നെ ഏറെപ്പേരെ ഭവനരഹിതരാക്കിയിരിക്കുന്നു. തെക്കൻ പർഗാന ജില്ലയിലെ പന്ത്രണ്ട് ദ്വീപുകളിൽ ജീവിക്കുന്ന ആയിരക്കണക്കിനാളുകളുടെ ജീവനും ഭീഷണിയിലാണ്.

## മതിലുകെട്ടിയാൽ കടലൊടുങ്ങുമോ?

കേരളത്തിന്റെ കടൽത്തീരത്തെ മൂന്നിൽ രണ്ട് ഭാഗത്തും വലിയ പാറക്കഷണങ്ങൾ കൊണ്ട് കടലാക്രമണത്തെ പ്രതിരോധിക്കാനുള്ള വ്യഥാശ്രമങ്ങൾ കാണാം. പലയിടത്തും ഈ സംരക്ഷണഭിത്തിതന്നെ കടലെടുത്തുപോയിരിക്കുന്നതും കാണാൻ പ്രയാസമില്ല. കടലാക്രമണത്തെ ചെറുക്കാൻ അശക്തമാണെന്ന് മാത്രമല്ല, ഇവ മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു എന്നതാണ് യാഥാർത്ഥ്യം. പക്ഷേ, കോൺട്രാക്ടർമാർക്കും രാഷ്ട്രീയക്കാർക്കും കടലിൽ കല്ലിടുന്നത് നല്ല ചാകര തന്നെയായിരിക്കണം.

കടലാക്രമണത്തെ തടഞ്ഞുനിർത്തിയിരുന്ന കണ്ടൽവനങ്ങളും മണൽക്കുന്നുകളും ഏതാണ്ട് പൂർണമായിത്തന്നെ വികസനത്തിന്റെ അധിനിവേശത്തിൽ നശിപ്പിക്കപ്പെട്ടു. കണ്ടൽ വെച്ചുപിടിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും മണൽക്കുന്നുകൾ എങ്ങനെ തിരിച്ചുകൊണ്ടുവരും?

*ഇംഗ്ലീഷിൽ എഴുതിയ ലേഖനത്തിന്റെ സംഗ്രഹിത വിവർത്തനം*

തീരങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും വസിക്കുന്ന ഒരു ബില്യൺ മനുഷ്യരുടെ ജീവിതത്തേയും ജീവനോപാധിയെയും ഭീഷണിയിലാക്കിക്കൊണ്ടാണ് സമുദ്രനിരപ്പ് ഉയരുന്നത്. സ്വീകരണമുറിയിലെ സംസാരവിഷയം എന്നതിലുപരി ഇവരെ സംബന്ധിച്ചിടത്തോളം ഇത് ജീവിതപ്രശ്നം തന്നെയാണ്. എന്നിട്ടും കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ച് നടക്കുന്ന ചർച്ചയിലൊന്നും ഇവരുടെ പ്രതിനിധികളെ പങ്കെടുപ്പിക്കാറില്ല.

സമുദ്രതാപത്തിലെ വ്യതിയാനം കാലാവസ്ഥാമാറ്റത്തോടൊപ്പം സമുദ്രജീവിതചക്രത്തെ മാറ്റിമറിച്ചുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നൂറ്റാണ്ടുകളായി സ്വരൂപിച്ച കടലറിവുകളും അവയോടുചേർന്നുള്ള കാലാവസ്ഥാപ്രവചനരീതികളും പുതിയ സാഹചര്യത്തിൽ അപ്രസക്തമായിക്കൊണ്ടിരിക്കുകയാണ്. മത്സ്യങ്ങളുടെ വരവും, പ്രചനന കാലവുമടക്കം പലതും മാറ്റത്തിന് വിധേയമായതോടെ കീഴ്മേൽ മറിയുന്നത് ഇവരുടെ പുലർന്നുപോകാനുള്ള നാട്ടറിവുകളും ഉപാധികളുമാണ്.

കടലിനോട് ചേർന്നുകിടക്കുന്ന സമതലങ്ങളാണ് ഇന്ത്യയിലെ കൃഷിയിടങ്ങളിലധികവും. കടലുയർച്ച ഈ നിലങ്ങളിലേക്ക് ഉപ്പുവെള്ളത്തെ കടത്തിവിടുന്നു. ഉപഭൂഖണ്ഡത്തിന്റെ കിഴക്കൻ തീരദേശം ഉപ്പുജലത്തിന്റെ ഉയർച്ച മൂലം പാരിസ്ഥിതികമാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. നിലങ്ങൾ കൃഷിയോഗ്യമല്ലാതായിക്കൊണ്ടിരിക്കുന്നു.

## കാലാവസ്ഥാ അഭയാർത്ഥികൾ

മത്സ്യബന്ധനത്തൊഴിലാളികൾ തന്നെയാവും കാലാവസ്ഥാവ്യതിയാനത്തിന്റെ ആദ്യത്തെ ഇരകൾ. എന്നാൽ അവരുടെ പുനരധിവാസത്തിന്റെ ആവശ്യമുയർത്തുമ്പോൾ പ്രധാനമായും രണ്ട് പ്രശ്നങ്ങൾ മുൻകൂട്ടി കാണാതിരുന്നുകൂടാ.

1. രാഷ്ട്രീയ പരിഹാരങ്ങൾ നിർദ്ദേശിക്കാതെ കാലാവസ്ഥാ ഭീതി മത്സ്യത്തൊഴിലാളികൾക്കിടയിൽ ഉയർത്തിവിടുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും.

2. സമുദ്രനിരപ്പ് ഉയരുകയും തീരവാസികൾ ഒഴിഞ്ഞുപോവുകയും ചെയ്യുന്നത് കണ്ട് മനപ്പായസമുണ്ണുന്ന സർക്കാരും രാജ്യാന്തര ഏജൻസികളും വാണിജ്യതാൽപര്യക്കാരും അവസരം മുതലെടുക്കും. മത്സ്യബന്ധന ഗ്രാമങ്ങളെ ഒഴിപ്പിച്ചെടുത്ത് ധാതുമണൽ ഖനനവും ടൂറിസവും മറ്റ് അനുബന്ധ വ്യവസായങ്ങളും സ്ഥാപിക്കാൻ അവർക്ക് കിട്ടുന്ന സുവർണാവസരമായിരിക്കും അത്. സുനാമി ഭീതിയുണർത്തിവിട്ട് തമിഴ്നാടൻ തീരഗ്രാമങ്ങളിൽ ഈ തന്ത്രം അവർ ഫലപ്രദമായി പരീക്ഷിച്ചതാണ്.

## സർക്കാരും കാലാവസ്ഥാമാറ്റവും

കാർബൺ മാലിന്യങ്ങൾ പുറംതള്ളുന്നതിന്റെ കണക്കുവെച്ച് നോക്കിയാൽ ഇന്ത്യാക്കാരൻ ചെയ്യുന്ന കുറ്റം അമേരിക്കക്കാരന്റേതിനേക്കാൾ വളരെയേറെ ചെറുതാണ്. ഒരു ഇന്ത്യക്കാരൻ ഒരു ടൺ കാർബൺ പുറംതള്ളുമ്പോൾ അമേരിക്കക്കാരന്റെ സംഭാവന ഇരുപത് ടണ്ണാണ്. പക്ഷേ, പ്രതിശീർഷ കണക്കിലെ ഈ അന്തരം നമ്മെ കുറ്റവിമുക്തരാക്കുന്നില്ല. ഇന്ത്യയിലെ ജനസംഖ്യവെച്ചുനോക്കുമ്പോൾ ഇത് വലുതുതന്നെയാണ്. കാർബൺ മലിനീകരണത്തിൽ ഇന്ത്യ മുൻപന്തിയിൽ തന്നെയാണ്.

കാർബൺ പുറംതള്ളലിൽ വികസിത-വികസ്വര രാജ്യങ്ങൾ തമ്മിലുള്ള അന്തരം പ്രശ്നസങ്കീർണമാണ് ആഭ്യന്തര കാർബൺ മലിനീകരണത്തിലെ പ്രതിശീർഷ കണക്കും. ഇന്ത്യൻ നാഗരികൻ വിസർജിക്കുന്ന കാർബൺ മാലിന്യത്തിന്റെ ഭാരം പ്രകൃതിയെ സംരക്ഷിച്ചുജീവിക്കുന്ന ആദിവാസികളും തീരദേശവാസികളും അടക്കമുള്ള ജൈവമനുഷ്യരുടെ തലയിലും കെട്ടിവെയ്ക്കപ്പെടുന്നു. ചെറുന്യൂനപക്ഷമായ ഇന്ത്യൻ നഗരവാസികൾ കാർബൺ മലിനീകരണത്തിന്റെ കാര്യത്തിൽ അമേരിക്കക്കാരനോട് മത്സരിക്കുകയാണ്. അതുകൊണ്ട് പ്രതിശീർഷ കണക്കെടുപ്പ് യാഥാർത്ഥ കുറ്റവാളികൾക്ക് രക്ഷപ്പെടാനുള്ള പഴുതു നൽകുകയാണ്.

പാശ്ചാത്യമാതൃക പിൻതുടർന്നുകൊണ്ട് നാം വളർത്തിക്കൊണ്ടുവന്ന പല വ്യവസായങ്ങളും മലിനീകരണത്തിൽ പാശ്ചാത്യരേക്കാൾ മുൻപേ നടക്കുന്നവരാണ്. പാശ്ചാത്യർ നിരോധിച്ച പല രാസസംയുക്തങ്ങളും കീടനാശിനികളും ഇന്ത്യൻ ഗവൺമെന്റ് തന്നെ നിർമ്മിക്കുകയും നാം നിർബാധം ഉപയോഗിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ, കാർബൺ ഉൽസർജനത്തിന്റെ കുറഞ്ഞ ഇന്ത്യൻ പ്രതിശീർഷക്കണക്ക് പറഞ്ഞ് മേനി നടിക്കുമ്പോൾ ഏത് ഇന്ത്യക്കാരനെക്കുറിച്ചാണ് നമ്മൾ സംസാരിക്കുന്നത്? ഇന്ത്യൻ പൊതുമേഖലയും നഗരമനുഷ്യരും നടത്തുന്ന മലിനീകരണത്തിന്റെ ദുരന്തഫലങ്ങൾ നേരിട്ട് അനുഭവിക്കുന്നത് പ്രകൃതിയെ ആശ്രയിച്ചും പരിചരിച്ചും ജീവിക്കുന്ന തീരവാസികളും, പരമ്പരാഗതകർഷകരും ആദിവാസികളുമാണെന്നതാണ് വിഷമകരമായ വൈരുദ്ധ്യം.

## വനവൽക്കരണവും മറ്റും

വനസംരക്ഷണത്തിനും വനവൽക്കരണത്തിനുമായി ഇരുനൂറ് ദശലക്ഷം ഡോളർ മാറ്റിവെയ്ക്കാൻ ഭാരത സർക്കാർ പദ്ധതിയിടുന്നു. പക്ഷേ, ഏത് തരം വനവൽക്കരണ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത് എന്നതിനെക്കുറിച്ച് വ്യക്തതയില്ല. വനവൽക്കരണത്തിന്റെ പേരുപറഞ്ഞ് നേരത്തെ നടപ്പാക്കിയ ഏകവിളത്തോട്ടങ്ങൾ ഉണ്ടാക്കിവെച്ച സാമൂഹികവും പാരിസ്ഥിതികവുമായ ദോഷഫലങ്ങൾ ഓർമ്മിക്കുന്ന ആരും ഈ പുതിയ പദ്ധതിയെ സംശയത്തോടെ മാത്രമേ സമീപിക്കൂ.

വനമേഖലയെ സംരക്ഷിക്കാൻ സർക്കാർ വനംവകുപ്പുകൾക്ക് സാധിക്കുന്നില്ല എന്നത് ഒരു സത്യം മാത്രമാണ്. എന്നാൽ തലമുറകളായി വനസംരക്ഷണം ജീവനത്തിന്റെ ഭാഗം തന്നെയായ ആദിവാസിസമൂഹങ്ങളെ ഒറ്റപ്പെടുത്തുന്നതിനുള്ള നീക്കമാണ് ഭരണകൂടം നടത്തിക്കൊണ്ടിരിക്കുന്നത്.

## ലൈഫ് സ്റ്റൈൽ പൊളിറ്റിക്സ്

ഉത്തരത്തിനായുള്ള തിരച്ചിൽ ജീവിതശൈലിയിൽ ചെന്നുതൊടും. ജീവിതശൈലി മാറണം എന്നതിനോട് നൂറുശതമാനം യോജിക്കുമ്പോഴും പ്രശ്നങ്ങൾക്കുള്ള പ്രധാന പരിഹാരമാർഗ്ഗം അതാണെന്ന് നിർദ്ദേശിക്കപ്പെടുമ്പോൾ, ആധുനിക സമൂഹത്തിൽ ജീവിതശൈലി നിശ്ചയിക്കുന്നത് ഭരണകൂടവും മൂലധനവും ചേർന്നാണ് എന്ന വസ്തുത പരിഗണിക്കേണ്ടിവരും. ഒരു വസ്തു, അതെത്ര മാരകമായാലും, ഉൽപാദിപ്പിക്കുന്നതിനുള്ള അനുമതി ഭരണകൂടം നൽകുകയും ഓരോരുത്തരുടെയും ആവശ്യമായി ആ ഉൽപ

ന്നത്തെ മാറ്റുന്നതരത്തിൽ മൂലധനശക്തികൾ അതിനെ മാർക്കെറ്റ് ചെയ്യുകയും ചെയ്യുന്നു. അതുകൊണ്ട് വ്യക്തികൾ ജീവിതശൈലി മാറ്റണമെന്ന് ആഹ്വാനം ചെയ്യുന്നതിൽ വലിയ കാര്യമില്ല. ജീവിതശൈലിയിൽ മാറ്റം വരുന്നതലത്തിൽ ഘടനാപരമായ മാറ്റം ഉണ്ടാക്കുന്ന രാഷ്ട്രീയ അജണ്ട രൂപപ്പെടുത്തുകയാണ് വേണ്ടത്. ഉദാഹരണത്തിന് ബ്രിട്ടീഷ് ഉൽപന്നങ്ങൾ ഉപേക്ഷിച്ച് ഖാദി ഉപയോഗിക്കുക എന്നത് സ്വാതന്ത്ര്യസമരത്തിന്റെ രാഷ്ട്രീയ അജണ്ടകൂടിയാക്കി മാറ്റിയ ഗാന്ധിയൻ രീതി. മുഖ്യ അജണ്ട ഖാദിയായിരുന്നുവെങ്കിൽ സ്ഥിതി മറ്റൊന്നാണെന്ന് വ്യക്തമാക്കുന്നു ഇന്നത്തെ ഖാദിബോർഡിന്റെ സ്ഥിതി. പ്ലാച്ചിമടയിലെ സമരത്തോടനുബന്ധിച്ച് കേരളത്തിലും ചില അമേരിക്കൻ യൂണിവേഴ്സിറ്റികളിലും കൊക്കക്കോളയ്ക്ക് ഉപരോധമുണ്ടായത് മറ്റൊരു ഉദാഹരണം.

അതുകൊണ്ടുതന്നെ കാലാവസ്ഥാവ്യതിയാനത്തിനുള്ള പരിഹാരമായി ജീവിതശൈലീമാറ്റത്തിൽ കണ്ടെത്തുന്നതിനുപകരം മലിനീകരണത്തിന്റെ ഘടനാപരമായ കാരണങ്ങളെ ടാർജെറ്റ് ചെയ്യുന്ന സമരങ്ങളാണ് കൂടുതൽ ഫലപ്രദമാവുക.

## ആരാണ് ഉത്തരവാദി ?

അന്തരീക്ഷത്തിലേക്ക് തള്ളിവിടുന്ന മാരകവിഷങ്ങളിൽ എഴുപത്തിയഞ്ച് ശതമാനത്തിലധികവും സുസ്ഥിരമല്ലാത്ത വ്യവസായം, ഊർജ്ജം, കൃഷി എന്നീ മേഖലകളിൽ നിന്നാണ് വരുന്നത്. ജീവിതശൈലിയുടെ ഭാഗമായുള്ളതാണ് ബാക്കി മലിനീകരണം. ഈ ജീവിതശൈലി സൃഷ്ടിച്ചെടുക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും ലാഭം മാത്രം ലക്ഷ്യം വെയ്ക്കുന്ന കോർപ്പറേറ്റ് കമ്പനികളാണ്. അതുകൊണ്ടുതന്നെ രാഷ്ട്രീയമായ ഇടപെടലിലൂടെ ഉത്പാദനപ്രക്രിയിൽ അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാവേണ്ടതുണ്ട്. നീതിയിലും സുസ്ഥിരതയിലും അധിഷ്ഠിതമായ ഒരു ഉൽപാദനക്രമം ജീവിതത്തിന്റെ എല്ലാ മേഖലയെയും സ്പർശിക്കുന്ന തരത്തിൽ വികസിപ്പിച്ചെടുക്കുകയെന്നതാണ് ലക്ഷ്യം. ലാഭം മാത്രം ലക്ഷ്യമിട്ട് ആസുരമായ വികസനമാതൃക പിന്തുടരുന്ന ഇന്ത്യൻ ശക്തികളുമായി താരതമ്യം ചെയ്യുമ്പോൾ സുസ്ഥിര ഉൽപാദനം സംബന്ധിച്ച് വികസിതരാഷ്ട്രങ്ങളിൽ നടക്കുന്ന പരീക്ഷണങ്ങളോട് എനിക്ക് മതിപ്പ് തോന്നുന്നു. കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച ചർച്ചകൾ രാജ്യാതിർത്തികളിൽ കുടുങ്ങിക്കിടക്കുകയും രാഷ്ട്രപ്രതിനിധികളുടെ താൽപര്യങ്ങൾക്ക് പൂർണമായും വിട്ടുകൊടുക്കുകയും ചെയ്താൽ ഭൂമിയുടെ ഭാവി ഇരുണ്ടതായിത്തീരും.



സുസ്ഥിരഭാവിക്ക് ആണവോർജമാണ് ഒരേയൊരു വഴി എന്ന് ലോബികൾ പ്രചരണം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ആണവനിലയങ്ങൾ കാൻസറടക്കമുള്ള മാരകരോഗങ്ങളും ജനിതകവൈകല്യങ്ങളും പരത്തിക്കൊണ്ടിരിക്കുകയാണ്. കൽപാക്കവും, ഇന്ത്യൻ റെയർ എർത്സും, കോട്ടയിലെ ന്യൂക്ലിയർ പ്ലാന്റും ജാദുഗുഡയിലെ യുറേനിയം ഖനികളുമെല്ലാം ഈ പാപത്തിൽ നിന്ന് വിമുക്തമല്ല. ഇന്തോ-ന്യൂക്ലിയർ കരാറിന്റെ ഫലമായി സ്ഥാപിക്കപ്പെടാൻ പോകുന്ന ആണവനിലയങ്ങളെല്ലാം തന്നെ തീരഗ്രാമങ്ങളെ വിഷലിപ്തമാക്കാൻ പോവുകയാണ്. ഏങ്ങിനെ നോക്കിയാലും മാലിന്യങ്ങൾ ഒടുവിൽ വന്നുചേരുന്നത് കടലിലാണ്. രാഷ്ട്രം ആണവസജ്ജമാവുമ്പോൾ ആദ്യം ഭീഷണിയിലാവുന്നത് പാവപ്പെട്ട മീൻപിടുത്തക്കാരാണ്.

## പുറത്തേക്കുള്ള വഴി

ഉൽപാദനമേഖലയുടെ പുനഃസംഘാടനം മാത്രമാണ് ഏക പോംവഴി. ഇത് ഒരു എളുപ്പവഴിയല്ല. വ്യാസായമേഖലയിലും ഊർജ്ജമേഖലയിലും കൃഷിയിലും സുസ്ഥിരത ലക്ഷ്യം വെച്ചുകൊണ്ടുള്ള ഘടനാപരമായ മാറ്റം വേണം. അതുകൊണ്ടുമാത്രമേ തലമുറകൾക്ക് സുസ്ഥിരജീവിതം സുസാധ്യമാവൂ.

അതിലേക്കുള്ള ചില ആദ്യചുവടുകൾ കുറിക്കട്ടെ:

1. ഭൂമിയ്ക്ക് ഭീഷണിയാവുന്ന മാലിന്യ ഉൽസർജ്ജനം നടത്തുന്ന വ്യാവസായിക-കാർഷിക-ഊർജ്ജ സംരംഭങ്ങളുടെ പട്ടിക തയ്യാറാക്കുക.
2. അടിയന്തിരമായി അടച്ചുപൂട്ടേണ്ടവയേതെന്ന് തീരുമാനമെടുക്കുക.
3. കാർബൺ വിസർജ്ജനം നടത്തുന്ന ഉത്പാദന പ്രക്രിയ പിൻപറ്റുന്ന വ്യവസായങ്ങൾക്കുള്ള സബ്സിഡി നിർത്തലാക്കണമെന്ന് ആവശ്യപ്പെടുക.
4. ഭൂമിക്ക് ഭീഷണിയാകുന്ന ഉൽപന്നങ്ങളുടെ ഉത്പാദനം, വിതരണം, ഉപഭോഗം എന്നിവ നിയന്ത്രിക്കുക. (മോട്ടോർ വാഹനങ്ങൾ, ശീതീകരണികൾ, വിമാനയാത്ര തുടങ്ങിയവ)
5. മാരകമായ ഉത്പന്നങ്ങളുടെ ബഹിഷ്കരണം ശക്തമാക്കുക.
6. സുസ്ഥിര ജീവിതശൈലിക്കായുള്ള പ്രചരണം ശക്തമാക്കുക.
7. സുസ്ഥിര ഉത്പാദനം, വിതരണം, ഉപഭോഗം എന്നിവ പിൻപറ്റുന്ന ബദലുകളെ പ്രോത്സാഹിപ്പിക്കുക.
8. കാലാവസ്ഥാചർച്ചകളിൽ മത്സ്യത്തൊഴിലാളികൾ, ആദിവാസികൾ, സുസ്ഥിര കൃഷി ചെയ്യുന്നവർ എന്നിവരുടെ ശബ്ദം കേൾപ്പിക്കുക. അവർക്ക് പരമാവധി നേട്ടം ഉണ്ടാകുന്ന തരത്തിൽ ചർച്ചകളിൽ ഇടപെടുക.